"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ് - കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് ആമ്നിറ്റി ഫണ്ട് ക്ഷേമനിധിയിലേക്ക് വാർഷിക ഗ്രാന്റായി 2026-27 സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് റിലീസ് ചെയ്ത് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2280/2026/HOME തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-
1. സ.ഉ(കൈ) നം.70/2018/ആഭ്യന്തരം തീയതി 24.04.2018
2. സ.ഉ(എം.എസ്) നം.48/2025/ആഭ്യന്തരം തീയതി 08.03.2025
3. ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04.05.2026 & 07.03.2026 ന്റെ FIREHQ/99/2026-BA1 നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം കേരള ഫയർഫോഴ്സ് വെൽഫയർ ആൻ്റ് ആമ്നിറ്റി ഫണ്ടിന്റെ അംഗീകരിച്ച നിയമാവലിയിൽ ചട്ടം 5 (ബി) പ്രകാരം സർക്കാരിൽ നിന്നുള്ള വാർഷിക ഗ്രാന്റ് ജീവനക്കാരുടെ വരിസംഖ്യയുടെ തത്തുല്യമായ തുകയോ രണ്ടു ലക്ഷം രൂപയോ ഏതാണ് കുറവ് അതായിരിക്കും എന്ന് ഉത്തരവായിരുന്നു. 2025-2026 സാമ്പത്തിക വർഷം വരിസംഖ്യ ഇനത്തിൽ വകുപ്പിലെ 4,783 ജീവനക്കാരിൽ നിന്നും 600 രൂപ വച്ച് 28,69,800/- രൂപ ജനുവരി മാസം ഈടാക്കി ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയതു പ്രകാരം 2ലക്ഷം രൂപ സർക്കാർ വിഹിതത്തിന് അർഹതയുണ്ടെന്നും ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് ആമ്നിറ്റി ഫണ്ട് ക്ഷേമനിധിയിലേക്കുള്ള 2025-26 സാമ്പത്തികവർഷത്തെ സർക്കാർ വിഹിതമായി 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ) 2070-00-108-96 മറ്റ് ചെലവുകൾ-01 അഗ്നിശമന സേനാ ജീവനക്കാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദാനം-10-സംഭാവന' എന്ന ശീർഷകത്തിൽ നിന്നും മാറി തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കേരള ഫയർഫോഴ്സ് വെൽഫയർ ആൻഡ് ആമ്നിറ്റി ഫണ്ട് കേന്ദ്രകമ്മറ്റിയുടെ പേരിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 799011400007214-ലേയ്ക്ക് വകയിരുത്തുന്നതിന് പരാമർശം (3)-ലെ കത്ത് പ്രകാരം ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

2. പ്രസ്തുത ശീർഷകത്തിൽ 2026-2027 സാമ്പത്തിക വർഷത്തിൽ 1,10,000/- രൂപ മാത്രമാണ് ബഡ്ജറ്റ് ഗ്രാന്റായി ആമ്നിറ്റി ഫണ്ട് വാർഷിക ഗ്രാന്റായി അനുവദിച്ചിട്ടുള്ളതെന്നതിനാൽ, കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് ആമ്നിറ്റി ഫണ്ട് വാർഷിക ഗ്രാന്റായി 2025-26 വർഷത്തെ 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ) രൂപയ്ക്കുള്ള ഭരണാനുമതിയും, 2070-00-108-96-മറ്റ് ചെലവുകൾ -01- അഗ്നിശമന സേനാ ജീവനക്കാരുടെ

ക്ഷേമനിധിയിലേയ്ക്കുള്ള അംശദാനം-10-സംഭാവന' എന്ന ശീർഷകത്തിൽ 90,000/-രൂപ (തൊണ്ണൂറായിരം രൂപാ മാത്രം) അഡീഷണൽ ഫണ്ടും അനുവദിക്കണമെന്നും ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ട് വാർഷിക ഗ്രാന്റായി 2026-27 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതമായ **1,10,000 രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം)** "2070-00-108-96-01-10-00-N-V" എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കേരള ഫയർഫോഴ്സ് വെൽഫയർ & അമിനിറ്റി ഫണ്ട് കേന്ദ്ര കമ്മറ്റിയുടെ പേരിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 799011400007214-ലേയ്ക്ക് റിലീസ് ചെയ്ത് നല്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SUDHEER
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (29.05.2026 ലെ 3470865/Exp-B4/65/2026-Fin. പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reji K. P
Date: 07-07-2026 16:35:06
സെക്ഷൻ ഓഫീസർ